## കെഎസ്ആർടിസിയിലെ പ്രിയ ജീവനക്കാരോട്



# സ്നേഹപൂർവ്വം

## ഗതാഗത വകുപ്പുമന്ത്രി

പ്രിയപ്പെട്ടവരെ,

ഗതാഗത വകുപ്പിന്റെ മന്ത്രി എന്ന നിലയിൽ കെഎസ്ആർടിസിയിലെ എല്ലാ ജീവനക്കാരെയും സ്നേഹപൂർവ്വം ഞാൻ അഭിവാദ്യം ചെയ്യുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിൽ ഗതാ ഗത മന്ത്രിയായി ചുമതലയേറ്റയുടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ജീവനക്കാരുടെക്ഷേമത്തിനും കെഎസ് ആർടിസിയുടെ പുരോഗതിക്കും വേണ്ടി സുപ്രധാനമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ എനിക്ക് നല്കിയിരുന്നു. ശമ്പളം, ഇതര ആനുകൂല്യങ്ങൾ എന്നിവയുടെ കാര്യത്തിൽ നിങ്ങൾ നേരിട്ടുകൊണ്ടിരുന്ന വിഷമതകൾ ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് മാറ്റം വരുത്തുന്നതിനായി ശമ്പളം അടക്കമുള്ള ആനുകൂല്യങ്ങൾകൃത്യമായി നൽകുവാൻകഴിയുന്നസാഹചര്യമൊരുക്കാൻ പരിശ്രമിക്കണമെന്നും, നിങ്ങളിൽനിന്നും ഈടാക്കുന്ന വിഹിതം കൃത്യമായി പ്രോവിഡണ്ട് ഫണ്ട്, ഇൻഷുറൻസ്, കോൺട്രീബ്യൂട്ടറി പെൻഷൻ,സൊസൈറ്റി വായ്പകൾ തുടങ്ങിയവയിലേക്കെല്ലാം വീഴ്ച വരുത്താതെ അടയ്ക്കുന്നതിൽ പ്രത്യേക പരിഗണനയുണ്ടാകണ മെന്നുമാണ് അധികാരമേറ്റയുടൻ അദ്ദേഹം എന്നോട് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഇക്കാര്യ ങ്ങളിൽകഴിവിന്റെ പരമാവധി പ്രവർത്തനങ്ങൾനാം ആരംഭിച്ചു കഴിഞ്ഞുവെന്നത് ഇക്കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങൾക്കും ബോധ്യമായിട്ടുള്ള വസ്തുതയാണല്ലോ. ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ ഘട്ടത്തിൽ സ്ഥാപന ത്തിന്റെ സുസ്ഥിരവും സുരക്ഷിതവുമായ നിലനിൽപ്പിന് നിങ്ങളുടെ കൂടി കൂട്ടായ പ്രവർത്തനവും ആത്മാർഥമായ സഹകരണവും വിട്ടുവീഴ്ചാ മനോഭാവവും അനിവാര്യമാണ്.



©SM CELL KSRTC



എല്ലാ ബുദ്ധിമുട്ടുകൾക്കും ഇടയിലും നിങ്ങളോരോരുത്തരും ഇക്കാര്യത്തിൽഒരുമിച്ച് നിൽക്കുമെന്ന് ഞാൻപ്രത്യാശിക്കുന്നു. കേരളത്തിന്റെ പൊതുഗതാഗത മേഖലയുടെ നെടുനായകത്വം വഹിക്കുന്ന സ്ഥാപനം എന്ന നിലയിൽ നാടിന്റെ അഭിമാനവും ദൈനംദിന ജനജീവിതത്തിന്റെ അവിഭാജ്യ ഘടകവുമാണ് കെഎസ്ആർടിസി. കടക്കെണികളിൽനിന്നും ക്രമേണയെങ്കിലും കോർപ്പറേഷനെ കരകയറ്റി സ്വയംപര്യാപ്തത യിലേക്ക് നയിക്കു വാനുള്ള പരിശ്രമങ്ങൾക്ക് ആക്കംകൂട്ടുവാനാണ് നമ്മളിപ്പോൾ ശ്രമിച്ചുവരുന്നത്. ഇത്തരുണത്തിൽസ്വാഭാവികമായും അതിന്റേതായ ചില പ്രയാസങ്ങളും നാംനേരിടേണ്ടിവരും.അനാവശ്യച്ചെലവുകൾഒഴിവാക്കിയും സാമ്പത്തിക ചോർച്ച കൾതടഞ്ഞും നൂതന സാങ്കേതിക സംവിധാനങ്ങൾഉപയോഗപ്പെടു ത്തിയും ഈ ലക്ഷ്യത്തിലേക്കെത്താൻ കഴിയുമെന്നു തന്നെയാണ് ഞാൻകരുതുന്നത്. ഏറെ ബുദ്ധിമുട്ടുകൾസഹിച്ച് ഫീൽഡിൽജോലി ചെയ്യുന്ന നിങ്ങൾസമാഹരിച്ചു കൊണ്ടുവരുന്ന വരുമാനമാണ് കെഎസ്ആർടിസിയുടെ പ്രാണവായു. അതിൽനിന്നും ചില്ലിക്കാശു പോലും ചോർന്നു പോകാതിരിക്കാനും ദുർവിനിയോഗം ചെയ്യപ്പെടാതിരിക്കാനും വേണ്ടിയുള്ള ജാഗ്രതാപൂർവ്വമായ സമീപനമാണ് ഇപ്പോൾസ്വീകരിച്ചിട്ടുള്ളത്.

തികഞ്ഞ നഷ്ടത്തിൽഓടിക്കൊണ്ടിരിക്കുന്ന ട്രിപ്പുകളെ റീഷെഡ്യൂൾ ചെയ്തും, ദീർഘദൂര സർവ്വീസുകളോട് കൂട്ടിച്ചേർത്ത അധിക നഷ്ടം വരുത്തുന്ന റൂട്ടുകൾഒഴിവാക്കിയും, യാത്രക്കാരുടെ ആവശ്യവും തിരക്കും തിരിച്ചറിഞ്ഞുള്ള പുനഃക്രമീകരണങ്ങൾനടത്തിയും നഷ്ടത്തിൽ നിന്നും കര കയറുവാനുള്ള വഴികൾതേടുകയാണ് നമ്മൾ. ഒരേ റൂട്ടിലേക്ക് ഒന്നിനു പുറകേ ഒന്നായി വരിവരിയായി ബസ്സുകൾ സർവ്വീസ് നടത്തുന്ന പ്രവണത ഒരു കാരണവശാലും ഉണ്ടാകരുത്. ഇങ്ങനെ കാണുന്നപക്ഷം ജീവനക്കാർതന്നെ ബന്ധപ്പെട്ട അധികൃതരെ അറിയിക്കണം.





യാത്രക്കാരാണ് യജമാനന്മാർഎന്നുള്ള ഒരു പൊതുബോധം ഓരോ ജീവനക്കാരനിലും ഉണ്ടാകണം. മാന്യവും സുരക്ഷിതവുമായ യാത്ര ചെയ്യാൻഅവർക്ക് അവസരം സൃഷ്ടിക്കണം. സ്ത്രീകളോടും കുട്ടികളോടും വൃദ്ധജനങ്ങളോടും അന്തസ്സും ആദരവും നിറഞ്ഞ സമീപനം സ്വീകരിക്കണം. എല്ലാ യാത്രക്കാരോടും ബഹുമാനപൂർവ്വം ഇടപഴകണം. ട്രാൻസ്പോർട്ട് ബസ്സിന്റെ ഉയരം കൂടിയ ചവിട്ടുപടി കയറുവാൻ വൃദ്ധജനങ്ങളും സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന വിഷമത മനസ്സിലാക്കി 2001ൽ ഞാൻ ഗതാഗത വകുപ്പിന്റെ മന്ത്രി യായിരുന്ന അവസരത്തിൽ ബസ്സിന്റെ പടിയുടെ ഉയരം താഴ്ത്തി വയ്ക്കാൻനിർദ്ദേശം നല്കിയിരുന്നു. എന്നാൽ ഇപ്പോഴും ഈ ദുരിതം പൂർണ്ണമായി മാറിയിട്ടില്ല. മുതിർന്ന സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും ബസ്സിന്റെ ഉയരമുള്ള പടി കയറുവാൻവിഷമത അനുഭവിക്കുന്നത് കണ്ടാൽ കണ്ടക്ടർമാർ അവരെ കൈപിടിച്ച് ബസ്സിൽ കയറുവാൻ സഹായിക്കണം. നമ്മുടെ കുടുംബത്തിലെ ഒരംഗമാണ് കയറി വരുന്നത് എന്ന ബഹുമാനത്തോടെയും സ്നേഹത്തോടെയും അവരോട് പെരുമാറണം. അത് നമ്മുടെ സ്ഥാപനത്തിന്റെ നിലനിൽപ്പിന് ഏറെ സഹായകരമാകും. മോശമായ സമീപനമുണ്ടായാൽകർശനമായ നടപടിയെടുക്കാൻ മാനേജ്മെന്റ് നിർബന്ധിതമാവുകയും ചെയ്യും. സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൌരർ, അംഗപരിമിതർഎന്നിവർക്ക് ഇരിപ്പിടം നൽകുന്നതിൽ പരമാവധി സ്നേഹപൂർവ്വമായ പരിഗണന നൽകണം. ഈ വിഭാഗത്തിൽ പ്പെട്ടവർവരുമ്പോൾഅവർക്ക് അർഹതപ്പെട്ട സീറ്റുകളിൽമറ്റു യാത്രക്കാർകയറിയിരുന്നാൽമാറ്റുന്നതിനുമടിക്കരുത്. രാത്രി 10 മണിക്ക് ശേഷമുള്ള യാത്രകളിൽസൂപ്പർഫാസ്റ്റ് ബസ്സുകളും അതിനു താഴെ ശ്രേണിയിലുള്ള ബസ്സുകളും യാത്രക്കാർആവശ്യപ്പെടുന്ന സ്ഥലങ്ങളിൽനിർത്തിക്കൊടുക്കുവാൻശ്രദ്ധിക്കണം. രാത്രി 10 മണി മുതൽരാവിലെ 6 മണി വരെയുള്ള സമയത്ത് സ്ത്രീകളെയും കുട്ടികളെയും അവർആവശ്യപ്പെടുന്ന സ്ഥലത്ത് നിർത്തിക്കൊ ടുക്കാതെ ഇരുട്ടിൽഇറക്കിവിടുന്ന പരാതിയുണ്ടാകരുത്.







ഒരാളേ ഉള്ളൂവെങ്കിൽപ്പോലും യാത്രക്കാർകൈ കാണിച്ചാൽ കൃത്യമായി ബസ് നിർത്തി അവരെ കയറ്റാൻശ്രദ്ധിയ്ക്കണം. റോഡിൽ പരമാവധി ഇടതുവശം ചേർത്തു തന്നെ ബസ് ഒതുക്കി നിർത്തുന്നതിനും, റോഡിന്റെ ഇരുവശങ്ങളിൽസമാന്തരമായി പാർക്ക് ചെയ്തു മാർഗ്ഗ തടസ്സം സൃഷ്ടിക്കാതിരിക്കുന്നതിനും നിർബന്ധമായും ശ്രദ്ധിയ്ക്കണം. നിരത്തിലോടുന്ന ബസ്സുകളാണ് കെഎസ്ആർടിസി. യുടെ മുഖമുദ്ര. അവ കൃത്യമായ ഇടവേളകളിൽകഴുകുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും മറക്കരുത്. ഓഫീസുകൾഅടുക്കും ചിട്ടയും വൃത്തിയും ഉള്ളതാക്കുന്നതിനൊപ്പം കൈകാര്യം ചെയ്യുന്ന ഫയലുകളിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനും ജാഗ്രത പുലർത്തണം. വാഹനങ്ങൾ നമ്മുടെ സ്ഥാപനത്തിന്റെ പ്രധാന സ്വത്താണ്. നമ്മുടെ ഓരോരുത്തരുടെയും സ്വന്തം വാഹനം പോലെ അവ വളരെ ശ്രദ്ധിച്ചും സൂക്ഷിച്ചും ഓടിക്കണം. വലിയ വാഹനങ്ങൾ ഓടിച്ചു പോകുമ്പോൾനിരത്തിൽനമുക്കൊപ്പമുള്ള ചെറുവാഹനങ്ങളെയും കാൽനട യാത്രക്കാരെയും കരുതലോടെ കാണണം. ഓരോ ജീവനും വിലപ്പെട്ടതാണ്. നമുക്ക് ഏറ്റവും വേണ്ടപ്പെട്ടവർക്ക് സംഭവിക്കുന്ന ദുരന്തങ്ങൾനമ്മളെ വേദനിപ്പിക്കുന്നതുപോലെതന്നെയാണ് അപകടങ്ങളിൽപെട്ട് മരണം സംഭവിക്കുന്ന ഓരോ കുടുംബങ്ങളുടെയും തീരാത്ത വേദനയെന്ന തിരിച്ചറിവ് എപ്പോഴും ഉണ്ടാകണം.

യാത്രക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന പരാതികളിൽ ക്ഷമയോടുകൂടിയ ഇടപെടൽഉണ്ടാവുകയും പരിഹരിക്കുവാൻ നിയമാനുസൃതം സാധ്യമാകുന്ന നടപടികൾഅടിയന്തിരമായി കൈക്കൊള്ളുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഡ്യൂട്ടിക്കിടയിൽഉണ്ടാകുന്ന അനിഷ്ട സംഭവങ്ങൾക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭയക്കേണ്ടതില്ല. ഇക്കാര്യത്തിൽജീവനക്കാർക്ക് നീതിപൂർവ്വമായ എല്ലാ സംരക്ഷണവും ഉണ്ടാകും.







ഇത്തരം സാഹചര്യങ്ങളിൽജീവനക്കാർക്കും യാത്രക്കാർക്കും കൺട്രോൾ റൂമിലെ 94470 71021, 0471 2463799 എന്നീ നമ്പറുകളിൽ പരാതികൾ വിളിച്ചറിയിക്കുന്നതിനും 91886 19380 എന്ന നമ്പറിൽ വാട്ട്സാപ് സന്ദേശം അയയ്ക്കുന്നതിനും ക്രമീകരണമുണ്ട്. ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷേമത്തിന് അങ്ങേയറ്റം ആത്മാർഥത യോടെ യുള്ള നടപടികൾക്ക് നാം തുടക്കം കുറിച്ചുകഴിഞ്ഞു. രാവും പകലുമെന്ന വ്യത്യാസമില്ലാതെ വിശ്രമരഹിതമായ ജോലി ചെയ്യുന്നവരാണ് കെഎസ്ആർടിസി യിലെ ബഹുഭൂരിപക്ഷം ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർ. ജോലി ചെയ്തു ക്ഷീണിതരായി എത്തുന്ന നിങ്ങൾക്ക് വിശ്രമിക്കാൻ അന്തസ്സായ സൗകര്യങ്ങൾ ഒരുക്കണമെന്നാണ് എന്റെ ആഗ്രഹം. കെഎസ്ആർടിസി യിൽനിന്നും പണം ചെലവഴിക്കാതെ തന്നെ ജീവനക്കാർക്ക് എയർകണ്ടീഷൻചെയ്തതും ശുചിമുറി സൗകര്യങ്ങൾഅടങ്ങിയതുമായ വിശ്രമസങ്കേതങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രയത്നം ആരംഭിച്ചുകഴിഞ്ഞു.

ജീവനക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും ചികിൽസാ സൗകര്യങ്ങൾക്കും വിപുലമായ സംവിധാനങ്ങളാണ് വിഭാവനം ചെയ്യുന്നത്. റീജിയണൽ കാൻസർസെന്റർ(ആർസിസി), മലബാർ കാൻസർ സെന്റർ തുടങ്ങിയവ അടക്കമുള്ള കേരളത്തിലെ പ്രമുഖ ആശുപത്രികളിൽ മാമോഗ്രാം ഉൾപ്പെടെയുള്ള വിവിധങ്ങളായ കാൻസർരോഗ പരിശോധനകൾ, ജീവനക്കാരിൽ വർദ്ധിച്ചു വരുന്ന ഹൃദ്രോഗ ലക്ഷണങ്ങൾ, കാഴ്ചശക്തി പരിശോധന, തുടങ്ങി വിവിധ രോഗ നിർണ്ണയങ്ങൾക്കുള്ള സമ്പൂർണ്ണ പരിശോധനകളും, അതിന്റെ തുടർചികിൽസാ സൗകര്യങ്ങളും അടങ്ങുന്ന പദ്ധതിയാണ് പരിഗണനയിലുള്ളത്. കേരളത്തിലെ വളരെ പ്രമുഖമായ വിവിധ ആശുപത്രി അധികൃതരുമായി ഈ ആശയം ഞാൻ പങ്കുവച്ചതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ സഹകരിക്കു ന്നതിനുള്ള സന്നദ്ധത വ്യക്തിപരമായി അവർ എനിക്ക് ഉറപ്പ് നൽകിയിട്ടുണ്ടെന്നും അഭിമാനപൂർവ്വം നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.







ഡയാലിസിസ് – കീമോ തെറാപ്പി എന്നീ ചികിൽസകൾക്ക് വിധേയരാകുന്ന ജീവനക്കാർക്ക് ഡ്യൂട്ടിയിൽപ്രത്യേക പരിഗണനയും ഇളവും നല്കും. പെൻഷൻ ആനുകൂല്യങ്ങൾനൽകുന്നതിൽഅഭിമാനകരമായ പുരോഗതി കൈവരിക്കുവാൻ ഹ്രസ്വമായ ഈ കാലയളവിൽത്തന്നെ നമുക്ക് കഴിഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം, വിരമിച്ച തീയതിയുടെ മുൻഗണനാ ക്രമം കൃത്യമായി പാലിച്ചുകൊണ്ട് 2022 മാർച്ച് മാസം വരെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്യുവാൻകഴിഞ്ഞു. 2022 ഏപ്രിൽമാസത്തെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിത്തുടങ്ങിയിട്ടുണ്ട്. 2023 ഫെബ്രുവരി മാസം വരെ വിരമിച്ച ജീവനക്കാർക്ക് പ്രോവിഡണ്ട് ഫണ്ട് ക്ലോഷർ തുക പൂർണ്ണമായി നൽകിക്കഴിഞ്ഞു. ഈ സന്ദർഭത്തിൽവളരെ പ്രസക്തമായ ഒരു കാര്യം കെഎസ്ആർടിസിയിൽനിന്നും വിരമിച്ച ജീവനക്കാരെ ഓർമ്മിപ്പിക്കാതിരിക്കാൻകഴിയില്ല.

കഴിഞ്ഞ ഏഴര വർഷക്കാലത്തിലധികമായി ശ്രീ. പിണറായി വിജയൻ നയിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സർക്കാർഖജനാവിൽനിന്നും ധനസഹായം നൽകിയാണ് ജീവനക്കാരുടെ ശമ്പളവും വിരമിച്ചവരുടെ പെൻഷനും നൽകിവരുന്നത് എന്ന സത്യം നമുക്കേവർക്കുമറിയാം. സഹകരണ ബാങ്കുകളിൽനിന്നുൾപ്പെടെ വായ്പയെടുത്താണ് മുടക്കം വരാതെ പെൻഷൻനല്കാൻ സർക്കാർനിങ്ങളെ സഹായിക്കുന്നത്. വിരമിച്ച ജീവനക്കാരിൽ വളരെപ്പേർ അഭ്യസ്തവിദ്യരായ നിയമ ബിരുദധാരികളും കെഎസ്ആർടിസി യുടെ നിയമകാര്യങ്ങളും സാഹചര്യങ്ങളും നന്നായി ബോധ്യമുള്ളവരുമാണ്. എന്നാൽ ഇവരിൽ ചിലർബഹുമാനപ്പെട്ട വിവിധകോടതികളിൽ കെഎസ്ആർടിസിയ്ക്കെതിരെ നേരിട്ട് കേസ് നടത്തുവാനും, മറ്റ് അഭിഭാഷകരെ കെഎസ്ആർടിസിയ്ക്കെതിരായ കേസുകളിൽ സഹായിക്കുവാനും മുതിരുന്ന വളരെ ദുഖകരമായ അനുഭവം 2001 ൽഞാൻ ഗതാഗത മന്ത്രിയായിരുന്ന കാലം മുതൽകണ്ടിട്ടുണ്ട്. ഇപ്പോൾ ആ പ്രവണത വളരെയേറെ വർധിച്ചിട്ടുണ്ടെന്നു കാണുന്നതിൽദു:ഖമുണ്ട്.





ഈ സ്ഥാപനത്തിൽവർഷങ്ങളോളം പ്രവർത്തിച്ച് ജീവിതം കെട്ടിപ്പടുക്കുകയും വിരമിച്ച ശേഷം പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തു കൊണ്ടിരിക്കുന്ന സമയത്തുതന്നെ കെഎസ്ആർടിസി യെ നശിപ്പിക്കുവാനും നിലവിൽജോലി ചെയ്യുന്നവരുടെ ജീവിതം ദുരിതത്തിലാക്കുവാനും ശ്രമിക്കുന്നത് മനസ്സാക്ഷിയ്ക്ക് നിരക്കുന്ന പ്രവൃത്തിയല്ല. ഉണ്ട ചോറിനോടു കാട്ടുന്ന നന്ദികേടായി അതിനെ നിരീക്ഷിച്ചാൽ കുറ്റം പറയാനാവില്ല. ഇത് മാത്യ സ്ഥാപനത്തെയും അതിനെ ആശ്രയിക്കുന്ന ജീവനക്കാരെയും ഒറ്റു കൊടുക്കലാണ് എന്ന് തിരിച്ചറിയണമെന്നും ഇങ്ങനെ ചെയ്തുവരുന്നവർ ദയവായി ഈ പ്രവണത അവസാനിപ്പിക്കണമെന്നും സ്നേഹപൂർവ്വം അഭ്യർഥിക്കുന്നു.

പുതിയ ഒരു ഗതാഗത സംസ്ക്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ആശയങ്ങളാണ് എന്റെ മനസ്സിലുള്ളത്. ചാർജ്ജ് വർദ്ധനവ് വരുത്താതെ തന്നെ നൂതനമായ ചില പരിഷ്കാരങ്ങൾ കൊണ്ടുവരുവാനാണ് ആഗ്രഹിക്കുന്നത്. യാത്രക്കാർക്ക് സുഗമമായി കയറുവാനും ഇറങ്ങുവാനും സൗകര്യമുള്ള ബസ്സുകൾ, നല്ല ഇരിപ്പിടങ്ങൾ, സംസ്ഥാനത്തിനകത്ത് ഓടുന്ന ദീർഘദൂര സർവ്വീസുകൾ പരമാവധി എയർകണ്ടീഷൻ ചെയ്തവയാക്കി മാറ്റുക, ബസ് സ്റ്റേഷനുകളുടെ നവീകരണം, ഗ്രാമപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് അനുയോജ്യമായ ചെറിയ ബസ്സുകൾ എന്നീ കാര്യങ്ങളിലെല്ലാം സമഗ്രമായ പഠനം നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇക്കാര്യത്തിൽ ലഭ്യമാകുന്ന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽഎത്രയും വേഗത്തിൽ നടപടി സ്വീകരിക്കും.

കെഎസ്ആർടിസിയ്ക്കു കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെയും സർക്കാരിന്റെയും സഹായത്തോടെ ബസ് സ്റ്റേഷനുകൾഉയർന്ന നിലവാരത്തിൽ നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.







സ്പോൺസർഷിപ് സൗകര്യങ്ങൾഉപയുപ്തമാക്കി ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക് ആധുനിക സൗകെര്യങ്ങളുള്ള വിശ്രമമുറികൾ സജ്ജമാക്കുന്നതിനുള്ള പ്രാരംഭ ചർച്ചകളും ആരംഭിച്ചുകഴിഞ്ഞു. എല്ലാ ബസ് സ്റ്റേഷനുകളിലും യാത്രക്കാർക്കും ജീവനക്കാർക്കും നല്ല ഭക്ഷണം ലഭിക്കുന്ന വൃത്തിയും വെടിപ്പുമുള്ള കാന്റീനുകളും നമ്മുടെ അടിയന്തിര ലക്ഷ്യമാണ്. സംതൃപ്തരായ ജീവനക്കാരും സമർപ്പിത മനസ്സുള്ള മാനേജ്മെന്റുമാണ് ഏതൊരു സ്ഥാപനത്തിന്റെയും വിജയത്തിന് ആവശ്യം. പ്രതിസന്ധി ഘട്ടത്തിൽ കൃത്യനിർവ്വഹണത്തിനൊപ്പം വ്യക്തിപരമായും നിങ്ങൾക്ക് വളരെയേറെ പ്രയാസങ്ങളെ അതിജീവിക്കേണ്ടി വരുന്നുണ്ട് എന്നറിയാം. എങ്കിലും നിങ്ങളുടെ വ്യക്തിപരമായ വിഷമതകളുടെ സമ്മർദ്ദത്തിൽയാത്രക്കാരോട് സ്നേഹവും ആദരവും പുലർത്താത്ത സമീപനം ഒരിയ്ക്കലും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽക്കൂടി സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു. ഇപ്പോഴത്തെ വിഷമത കൾക്ക് പരിഹാരം കണ്ടെത്തുവാൻവേണ്ടിക്കൂടിയാണ് നമ്മുടെ പരിശ്രമങ്ങൾ. സ്ഥാപനത്തിന്റെ നിലനിൽപ്പും, കടക്കെണികളിൽ നിന്ന് സമയബന്ധിത മായുള്ള മോചനവും, മാറുന്ന കാലത്തിനൊപ്പമുള്ള പുരോഗതിയും, ജനങ്ങൾക്ക് നല്ല സേവനവുമാണ് പ്രാഥമിക ലക്ഷ്യം എന്ന ബോധ്യത്തോടെ നമുക്ക് ഒരുമിച്ചു നിന്നു മുന്നേറാം. ഇക്കാര്യത്തിൽ നിങ്ങളിൽഓരോരുത്തരുടെയും ആത്മാർഥമായ പിന്തുണയും ഹൃദയപൂർവ്വമായ സഹകരണവും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

സ്നേഹപൂർവ്വം,

**കെ.ബി ഗണേഷ് കുമാർ**
(ഗതാഗത വകുപ്പ് മന്ത്രി)

